**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6519** **10-11-2021 - ൽ മറുപടിയ്ക്ക്**

**മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ; ഇത് സംരക്ഷിക്കുന്നതിന് പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും യഥാവിധി സംരക്ഷിച്ച് നിലനിർത്തിപ്പോരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തിന്റെ സമഗ്ര പുന:സജ്ജീകരണ പ്രവർത്തനങ്ങളും തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയത്തിന്റെ ഒന്നാം ഘട്ട പുനസ്സജ്ജീകരണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം മ്യൂസിയം എന്നിവയുടെ പുന:സജ്ജീകരണ പ്രവർത്തികൾ നടന്നു വരുന്നു. മ്യൂസിയം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയത്തിൽ 12.73 കോടി രൂപയുടെ നവീകരണ പ്രവർത്തികൾ, ശ്രീചിത്രാ ആർട്ട് ഗ്യാലറിയുടെ സംരക്ഷണാർത്ഥമുള്ള പുനരുദ്ധാരണ പ്രവർത്തികൾ എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കമ്മ്യൂണിറ്റി മ്യൂസിയം എന്ന ആശയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ